തരിശിട്ടിട്ടുള്ള പാടശേഖരം കൃഷിചെയ്യാൻ നടപടി

183 (4223) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തരിശ്രുകിടന്ന പാടശേഖരം, പാടശേഖര സമിതിയുടെ നേതൃത്വത്തിൽ കൃഷി ചെയ്യുമാതൃക കാട്ടിയിട്ടും കൃഷി വകുപ്പ്, വാഗ്ദാനം ചെയ്ത സഹായം നല്കിയില്ല എന്നുള്ള പരാതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അതേക്കുറിച്ച് അന്വേഷിച്ച് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) തലസ്ഥാന ജില്ലയിൽ കഴിഞ്ഞ വർഷം നെൽകൃഷിയും വിളവെടുപ്പുത്സവവും നടത്തിയ പാടശേഖരത്തിൽ ഈ വർഷം കൃഷി നടത്താതെ തരിശിട്ടിട്ടുള്ളകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത പാടശേഖരം തരിശിടുന്നതിനുണ്ടായ കാരണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇക്കാര്യം അടിയന്തരമായി പരിശോധിച്ച് കൃഷിക്കാരുടെ കൂട്ടായ്മയിൽ പാടശേഖരം ഒന്നായി കൃഷി ചെയ്യാനും തരിശിടുന്ന ഭൂമി പിടിച്ചെടുത്ത് കൃഷി ചെയ്യാൻ കൂട്ടായ്മയെ ഏൽപ്പിക്കാനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. തിരുവനന്തപുരം ജില്ലയിൽ നേമം പഞ്ചായത്തിലെ കോലിയാക്കോട് പാടശേഖര സമിതി നമ്പർ TVM/TC/785/2014-ൽനിന്നും പരാതി ലഭിച്ചിട്ടുണ്ട്. അന്വേഷണം നടത്തി. നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്.

(സി) നേമം കൃഷി ഭവന്റെ കീഴിൽ വരുന്ന കോലിയാക്കോട് പാടശേഖരത്തിൽ ഇപ്പോൾ 15 ഹെക്ടർ സ്ഥലത്തുമാത്രമെ ഒന്നാംവിള കൃഷി ചെയ്യാൻ കഴിഞ്ഞുള്ളൂ. 17-6-2015-ൽ വിളിച്ചുചേർത്ത കർഷകരുടെ യോഗത്തിൽ ഒന്നാം വിള ആരംഭിക്കുന്ന സമയത്ത് മഴ കൂടുതൽ ആയതിനാൽ വെള്ളക്കെട്ടുമൂലം എല്ലാവർക്കും കൃഷി ആരംഭിക്കുവാൻ കഴിഞ്ഞില്ലായെന്നും എന്നാൽ രണ്ടാംവിള കൃഷി കൂടുതൽ സ്ഥലത്ത് വ്യാപിപ്പിക്കുവാൻ കഴിയുമെന്നും അറിയിച്ചിട്ടുണ്ട്.

(ഡി) കൃഷിക്കാരുടെ കൂട്ടായ്മയിൽ പാടശേഖരം ഒന്നായി കൃഷി ചെയ്യാൻ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly